# സെന്റ് തെരേസിനാസ് എൽ. പി. എസ് വാരണം

## അക്കാദമിക് മാസ്റ്റർ പ്ലാൻ

**ആമുഖം**

സ്കൂളിന്റെ പേര്: സെന്റ് തെരേസിനാസ് എൽ. പി. എസ് വാരണം

സ്ഥലം : കണ്ണങ്കര

സ്ഥാപിച്ചത്: 1924

കുട്ടികളുടെ എണ്ണം : 38

അധ്യാപകരുടെയും മറ്റു

ജീവനക്കാരുടെയും എണ്ണം:5

ക്ലാസ്സ് : 1 മുതൽ 4 വരെ

ഡിവിഷൻ: A

**സ്കൂളിന്റെ ചരിത്രപരമായ പ്രാധാന്യം**

1924 ജൂൺ മാസത്തിൽ വിശുദ്ധ കൊച്ചുത്രേസ്യയുടെ നാമത്തിൽ പെൺകുട്ടികളുടെ വിദ്യാഭ്യാസം ലക്ഷ്യമാക്കി ആരംഭിച്ച സ്കൂൾ ആണിത്. മോൺസിഞ്ഞോർ മാത്യു കുപ്ലിക്കാട്ടിന്റെ ചിന്തയിൽ ഉരുത്തിരിഞ്ഞ ഒരു സ്വപ്നസാക്ഷാത്കാരമാണിതെന്നു പറയാം .ആദ്യ കാലത്തു ഇടവകയുടെ സ്കൂൾ ആയിരുന്നു. ആയിരങ്ങൾക്ക് വെളിച്ചം പകർന്ന ഈ പെൺവിദ്യാലയം ഇന്ന് കോട്ടയം അതിരൂപതകോർപ്പറേറ്റ് മാനേജ്മെന്റ് കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു .ഇപ്പോൾ ഇതൊരു മിക്സഡ് സ്കൂൾ ആണ്. ചേർത്തല സബ്ജില്ലയിലെ ഈ വിദ്യാലയത്തിൽ അയൽ പ്രദേശങ്ങളായ പുത്തനങ്ങാടി,കായിപ്പുറം ,മുഹമ്മ തണ്ണീർമുക്കം ,മുട്ടത്തിപ്പറമ്പ്,വാരണം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള കുട്ടികൾ പഠിക്കുന്നു. ഇപ്പോൾ ഇവിടെ ഒന്നുമുതൽ നാലു വരെ ക്ലാസ്സുകളിലായി 38 കുട്ടികൾ പഠനം നടത്തുന്നു. ഹെഡ് മാസ്റ്റർ ഉൾപ്പെടെ നാല് അദ്ധ്യാപകരും ഇവിടെ സേവനമനുഷ്ഠിക്കുന്നു. ഇപ്പോഴത്തെ മാനേജർ റവ. ഫാ.ജോസഫ് കീഴങ്ങാട്ട്, ഹെഡ്മാസ്റ്റർ ശ്രീ.തോമസ് ആനിമൂട്ടിൽ, പി.ടി.എ. പ്രസിഡന്റ് ശ്രീ.സനീഷ് , എം.പി. ടി.എ. പ്രസിഡന്റ് ശ്രീമതി അനു മോൾ അനിരുദ്ധൻ സ്കൂൾ ലീഡർ അലോഷ്യസ്

അലക്സ്, ചെയർ പേഴ്സൺ അൽഫോൺസ ബിനിഷ് എന്നിവരാണ് സ്കൂളിനെ പുരോഗതിയിലേക്കു നയിച്ചുകൊണ്ടിരിക്കുന്നത്.

**<u>പരിമിതികൾ</u>**

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി കൂടുതൽ വിജയം നേടുന്നുവെങ്കിലും എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് നിലവാരത്തിലല്ല. കുട്ടികൾക്ക് വേണ്ട ലാബോ കളിസ്ഥലങ്ങളോ ഇല്ല.കുട്ടികളുടെ സുരക്ഷിതത്വത്തിനായി ഒരു ചുറ്റു മതിൽ സ്കൂളിന് ഇല്ല.കുട്ടികളുടെ പഠനത്തിനായുള്ള ലാബോ കമ്പ്യൂട്ടറുകളോ സ്കൂളിൽ ഇല്ല.

**<u>ലക്ഷ്യം</u>**

സ്കൂളിന്റെ നിലവാരം ഉയർത്തുന്നതിനായി വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠനം
- വായന ശേഷി വർധിപ്പിക്കൽ
- ശാസ്ത്ര പോഷണ പരിപാടി
- ലൈബ്രറി ശാക്തീകരണം
- സ്കോളർഷിപ്പ് പരീക്ഷ പരിശീലനം
- പഠന യാത്രകൾ
- അധ്യാപക ശാക്തീകരണം – സ്കൂൾ SRG തലം
- പ്രവൃത്തി പരിചയ പരിശീലനം
- കലാ പരിപോഷണം
- ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ
- കായികശേഷി വികസനം
- വിലയിരുത്തൽ കാര്യക്ഷമമാക്കൽ
- ഐ. ടി പഠനം കാര്യക്ഷമമാക്കൽ
- ശാസ്ത്ര,ഗണിത ശാസ്ത്ര പ്രവൃത്തി പരിചയ മേളകൾ
- ക്ലാസ്സ് PTA കാര്യക്ഷമമാക്കൽ

## നിലവിലെ അവസ്ഥയുടെ വിശകലനം

- ഓരോ ക്ലാസ്സിനും വിഷയത്തിനുമുള്ള നിലവിലെ പഠന നിലവാരം വിലയിരുത്തൽ
- അധ്യാപകരുടെ യോഗ്യത, പരിശീലനം അക്കാദമിക പിന്തുണ എന്നിവയുടെ വിലയിരുത്തൽ.
- ലൈബ്രറി, കമ്പ്യൂട്ടർ സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയും ഉപയോഗവും.
- പാഠ്യേതര പ്രവർത്തനങ്ങളുടെയും ക്ലബ്ബ്കളുടെയും നിലവാരം
- രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും പങ്കാളിത്തം
- ഒരു ക്ലാസ്സ് റൂം മാത്രമാണ് സ്മാർട്ട് ക്ലാസ്സ് റൂം ആയി സജ്ജീകരിച്ചിരിക്കുന്നത്

## പ്രവർത്തന പദ്ധതികൾ

- പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പഠന സഹായം ആവശ്യമുള്ള കുട്ടികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങളുടെ ഉപയോഗം, വായന ശീലം വളർത്തുന്നതിനുള്ള പരിപാടികൾ.
- ഓരോ വിഷയത്തിനും ക്ലാസ്സിനും വേണ്ടിയുള്ള പഠന പ്രവർത്തനങ്ങൾ.
- പരീക്ഷ ഫലങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള പരിപാടികൾ
- ക്ലബ്ബ്കളുടെ പ്രവർത്തനങ്ങൾ
- അധ്യാപക ശക്തീകരണം
- അധ്യാപകർക്ക് ആവശ്യമായ പരിശീലനം, ശില്പശാലകൾ
- പഠന സാമഗ്രികൾ നിർമ്മിക്കുന്നതിൽ അധ്യാപകർക്ക് പിന്തുണ.
- അക്കാദമിക ചർച്ചകൾക്കും ആശയ വിനിമയത്തിനുമുള്ള ചർച്ചകൾ
- അടിസ്ഥാന സൗകര്യ വികസനം
- ക്ലാസ്സ് മുറികൾ, ലൈബ്രറി തുടങ്ങിയ സൗകര്യങ്ങൾ
- ശുചിത്വവും സുരക്ഷിതത്വവുമുള്ള പഠനാന്തരീക്ഷമൊരുക്കൽ.
- പാഠ്യേതര പ്രവർത്തനങ്ങൾ
- കലാ കായിക സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങൾ
- സാമൂഹിക സേവന പരിപാടികൾ
- ക്ലബ്ബുകളുടെയും സംഘടനകളുടെയും രൂപീകരണം.

- രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ.
- പൂർവ്വ വിദ്യാർത്ഥികളുടെയും നാട്ടുകാരുടെയും സഹകരണം ഉറപ്പാക്കുക.
- വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഫണ്ടുകളും പദ്ധതികളും പ്രയോജനപെടുത്തൽ.

**സമയക്രമം**

ഒരു അധ്യായന വർഷത്തേക്കുള്ള പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും നടപ്പിലാക്കേണ്ട സമയ പരിധി തീരുമാനിക്കുന്നു.

**വിഭവ സമാഹരണം**

പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ സാമ്പത്തിക, മാനുഷിക വിഭവങ്ങൾ PTA, ഗ്രാമ പഞ്ചായത്ത്, സ്പോൺസർഷിപ്പ് എന്നിവയിലൂടെ കണ്ടെത്തുന്നു.

**നിരീക്ഷണവും വിലയിരുത്തലും**

- പദ്ധതികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും വേണ്ടിയുള്ള സംവിധാനങ്ങൾ
- ചുമതലക്കാരെ നിശ്ചയിക്കുന്നു.
- കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ ചേരുക.
- ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള തന്ത്രങ്ങൾ.